**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **08-08-2023 - ൽ മറുപടിയ്ക്ക്**

**ശ്രുതിതരംഗം പദ്ധതി പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഞ്ച് വയസ്സുവരെ പ്രായമുള്ളതും ശ്രവണവൈകല്യമുള്ളതുമായ കുട്ടികൾക്കായി 2011-16 കാലയളവിൽ ആരംഭിച്ച ശ്രുതിതരംഗം പദ്ധതി മുടങ്ങിയതിന്റെ കാരണം വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ അഞ്ചു വയസ്സ് വരെയുള്ള കുട്ടികളിലെ ശ്രവണ വൈകല്യം കണ്ടെത്തി പരിഹരിക്കുന്നതിന് നടത്തി വരുന്ന ശ്രുതിതരംഗം പദ്ധതി മുടങ്ങിയിട്ടില്ല. പദ്ധതി മുഖാന്തിരം സർജറി നടത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയുമായി ബന്ധപ്പെട്ട് ലഭിച്ച 52 അപേക്ഷകളിൽ സാങ്കേതിക സമിതി പരിശോധിച്ച് 44 കുട്ടികൾക്ക് അടിയന്തിര ശസ്ത്രക്രിയ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുതുതായി കുട്ടികളെ ഉൾപ്പെടുത്താത്തതും അപ്ഗ്രഡേഷൻ നടത്തേണ്ട കുട്ടികൾക്ക് തുടർന്നും സഹായം ലഭ്യമാക്കാൻ സാധിക്കാത്തതും കാരണം ശ്രവണവൈകല്യമുള്ള കുട്ടികളുടെ ഭാവി പ്രതിസന്ധിയിലായിരിക്കുകയാണ് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവന്നിരുന്ന ശ്രുതിതരംഗം പദ്ധതി, 2023-24 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുമെന്ന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തിരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്.<br><br>പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും, സ.ഉ(സാധാ) 1821/2023/ ആ.കു.വ ഉത്തരവ് പ്രകാരം അവയ്ക്കുള്ള ധന സഹായമായി 59,47,500/- രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സാമൂഹ്യനീതി വകുപ്പിന് കീഴിലായിരുന്ന പ്രസ്തുത പദ്ധതി ആരോഗ്യവകുപ്പിന്റെ കീഴിലേക്ക് മാറ്റിയതിന്റെ കാരണം വിശദമാക്കാമോ; | (സി) | പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് മെഡിക്കൽ അഷ്വറൻസ് വിപുലീകരിക്കുന്നതിനുള്ള ലക്ഷ്യം വച്ചുകൊണ്ട് സമാനസ്വഭാവമുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ആവർത്തനം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിലേക്കുമായി വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്ന ഇൻഷുറൻസ് പദ്ധതികൾ/ ചികിത്സാ സഹായം/ മെഡിക്കൽ ഇൻഷുറൻസ് തുടങ്ങിയവ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് നിർദേശിക്കുകയുണ്ടായി. ചികിത്സാ സഹായത്തിനായി വരുന്ന രോഗികൾക്ക് വിവിധ വകുപ്പുകൾ കയറി ഇറങ്ങുന്നത് ഒഴിവാക്കാനും പൂർണ്ണമായും പണരഹിത ഇടപാടിൽ തന്നെ പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാനും ഇതുവഴി സാധിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിലും, തുടർന്ന് 2023-24 ലെ സംസ്ഥാന ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുമാണ് സാമൂഹ്യ നീതി വകുപ്പിന് കിഴിൽ നടപ്പിലാക്കി വന്നിരുന്ന ശ്രുതി തരംഗം, താലോലം, കാൻസർ സുരക്ഷ എന്നീ പദ്ധതികൾ ആരോഗ്യ വകുപ്പിലേക്ക് മാറ്റിയത്. |
| (ഡി) | പ്രസ്തുത പദ്ധതി പുനരാരംഭിച്ച് അർഹരായ എല്ലാ കുട്ടികൾക്കും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | **പ്രസ്തുത പദ്ധതി മുടങ്ങിയിട്ടില്ല. പദ്ധതി മുഖാന്തിരം സർജറി നടത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്.** |
| (ഇ) | കോക്ലിയർ ഇംപ്ലാന്റേഷൻ അപ്ഗ്രഡേഷൻ നടത്തേണ്ട കുട്ടികൾക്ക് അടിയന്തരമായി സഹായം ലഭ്യമാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (ഇ) | ശ്രുതി തരംഗം പദ്ധതിയോടനുബന്ധിച്ച് അടിയന്തിരമായി പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യേണ്ടത് സംബന്ധിച്ച് നാളിതുവരെ ലഭിച്ച 25 അപേക്ഷകൾക്ക്, സ. ഉ (സാധാ) നം.1821/2023/ ആ.കു.വ ഉത്തരവ് പ്രകാരം ധന സഹായമായി 59,47,500 രൂപ കേരള സാമൂഹ്യ സുരക്ഷാമിഷന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ